വളരെയേറെ തിരക്ക് അനുഭവപ്പെടുന്ന സ്ഥലമായതിനാൽ പൊതുതാത്പര്യം പരിഗണിച്ച് കാത്ത് ലാബിന്റെ പ്രവർത്തനം കണക്കിലെടുത്താണ് ടി ഡോക്ടറെ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ളത്.

ഞാറക്കൽ താലൂക്കാശുപത്രിയിൽ ഐസൊലേഷൻ വാർഡ് നിർമ്മാണം

178 (178) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യകുടുംബക്ഷേമ വകുപ്പിന്റെ 26-7-2021-ലെ 1555/2021 നമ്പർ ഉത്തരവുപ്രകാരം ഭരണാനുമതി നൽകിയ വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഞാറക്കൽ താലൂക്കാശുപത്രിയിൽ ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്ന പ്രവൃത്തിയുടെ നിജസ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി ഏതെന്നും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ?

(എ&ബി) ഞാറയ്ക്കൽ താലൂക്കാശുപത്രി ഉൾപ്പെടെ സംസ്ഥാനത്ത് 140 ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കുന്നതിന് നൽകിയ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ 10 കിടക്കകളുള്ള 140 ഐസൊലേഷൻ വാർഡുകൾക്കായി 236.3 കോടി രൂപയ്ക്ക് കിഫ്ബി സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ നിർവ്വഹണ ഏജൻസിയായിട്ടുള്ള പദ്ധതിയിൽ ഐസൊലേഷൻ വാർഡിനുവേണ്ട മെഡിക്കൽ ഉപകരണങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അനുബന്ധ സൗകര്യങ്ങളോടുംകൂടിയ ഐസൊലേഷൻ വാർഡാണ് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതി നടത്തിപ്പിനുള്ള താൽപ്പര്യപത്രം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് ക്ഷണിച്ചിട്ടുണ്ട്.

പട്ടാമ്പി താലൂക്കാശുപത്രി വികസന പദ്ധതികൾ

179 (179) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി താലൂക്കാശുപത്രിയുടെ വികസനവുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികൾ ആണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ; ഈ പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുള്ള ഡയാലിസിസ് കെട്ടിടത്തിന്റെ പണി പൂർത്തിയായി. പ്ലമ്പിംഗ് ഇലക്ട്രിക്കൽ വർക്കുകൾ പുരോഗമിക്കുന്നു. കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള Out Patient Unit, Casualty Block, Diagnostics Building എന്നിവയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly